"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീമതി. സൗമ്യ പാർവതി ടി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 1548/2025 മേലുള്ള 11.11.2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3587/2026/GEDN തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-
1. ശ്രീമതി. സൗമ്യ പാർവതി ടി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 1548/2025 മേലുള്ള 11.11.2025 ലെ ഉത്തരവ്
2. ശ്രീമതി. സൗമ്യ പാർവതി ടി.വി 27.08.2025 -ൽ സമർപ്പിച്ച നിവേദനം (അനക്ഷർ എ3)
3. 04.02.2026-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/19138/2025-എ5 നമ്പർ കത്ത്

**ഉത്തരവ്**

അധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആയി നിശ്ചയിക്കണമെന്നും തസ്തികയിലേയ്ക്ക് നിയമനങ്ങൾ നടത്തണമെന്നുമാവശ്യപ്പെട്ട് പാലക്കാട് ജില്ലയിലെ യു.പി.എസ്.ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. സൗമ്യ പാർവതി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 1548/2025 മേലുള്ള പരാമർശം (1) ഉത്തരവിൽ അപേക്ഷകയെയോ പ്രതിനിധിയെയോ നേരിൽ കേട്ടതിനു ശേഷം അനക്ഷർ എ3 നിവേദനം പരിഗണിച്ച് 3 മാസത്തിനകം തീർപ്പാക്കണമെന്ന് നിർദേശിച്ചിരുന്നു.

2. വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 25 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിദ്യാർത്ഥി-അധ്യാപക അനുപാതം കർശനമായി നടപ്പിലാക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പ്രൈമറി ക്ലാസുകളിൽ 1:25 എന്ന പുതുക്കിയ അനുപാതം സ്വീകരിക്കുന്നത് പരിഗണിക്കണമെന്നതുമായിരുന്നു നിവേദനത്തിലെ അപേക്ഷകയുടെ ആവശ്യം. ബഹു.കോടതി ഉത്തരവ് പ്രകാരം 27.01.2026, 13.02.2026 തീയതികളിൽ അപേക്ഷകയെ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയിരുന്നെങ്കിലും പങ്കെടുക്കാതിരുന്നതിനാൽ 13.03.2026 ന് ഒരു അവസരം കൂടി നൽകുകയും ഹർജിക്കാരിയുടെ പ്രതിനിധിയെ നേരിൽ കേൾക്കുകയും ചെയ്തു. സ്കൂളുകളിൽ അധ്യാപക-വിദ്യാർഥി അനുപാതം 1:25 ആയി നടപ്പിലാക്കുന്നതു വഴി ഓരോ വിദ്യാർത്ഥിയ്ക്കും വ്യക്തിഗത ശ്രദ്ധ നൽകുവാനും, കുട്ടികളുടെ പഠന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കാനും, ക്ലാസ് നിയന്ത്രണം മെച്ചപ്പെടുത്താനും, ശിക്ഷാധിഷ്ഠിത സമീപനം കുറയ്ക്കാനും സാധിക്കുമെന്നതായിരുന്നു ഹർജിക്കാരിയുടെ വാദം.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2009 ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30, 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35 എന്ന അധ്യാപക-വിദ്യാർത്ഥി അനുപാതം സംസ്ഥാനത്ത് കർശനമായി പാലിച്ചു വരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ 1:25 എന്ന പുതുക്കിയ അധ്യാപക-വിദ്യാർത്ഥി അനുപാതം സ്വീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ലാത്തതിനാൽ പ്രൈമറി ക്ലാസുകളിൽ 1:25 എന്ന പുതുക്കിയ അധ്യാപക-വിദ്യാർത്ഥി അനുപാതം സ്വീകരിക്കുന്ന വിഷയം പരിഗണിക്കണമെന്ന അപേക്ഷകയുടെ പരാമർശം (2) നിവേദനത്തിലെ ആവശ്യം നിരസിച്ചും, അപ്രകാരം OA[EKM] 1548/2025 മേലുള്ള 11.11.2025-ലെ ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ശ്രീമതി. സൗമ്യ പാർവതി ടി.വി, മുല്ലയ്ക്കൽ വാരിയം, നെല്ലുവായ് (PO) തൃശ്ശൂർ 680584
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sobha D
Date: 29-05-2026 11:39:40
സെക്ഷൻ ഓഫീസർ